പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. 846. 30/06/2011-ൽ മറുപടിയ്ക്ക്

ഉടുമ്പൻചോല സ്പൈസസ് പാർക്കിനു ഭൂമി ഏറ്റെടുക്കൽ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| എ) ഉടുമ്പൻചോല താലൂക്കിൽ സ്പൈസസ് പാർക്കിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | എ) ഉടുമ്പൻചോല താലൂക്കിൽ സ്പൈസസ് പാർക്കിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭി ച്ചിട്ടില്ല. |
| ബി) സ്പൈസസ് പാർക്ക് തുടങ്ങുമെന്ന സർക്കാർ പ്രഖ്യാപനത്തെ തുടർന്ന് പ്രസ്തുത പ്രദേശത്തെ കൃഷിഭൂമി പാർക്കിനായി ഏറ്റെടുക്കുന്നതിനാൽ കൃഷിക്കാർ കൃഷിപ്പണികൾ നിർത്തി വച്ചതു മൂലം വരുമാന നഷ്ടം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) പൊന്നുംവില നടപടി ആരംഭിച്ചിട്ടില്ലാത്തതിനാൽ കൃഷിപ്പണികൾ നിർത്തി വയ്ക്കേണ്ട സാഹചര്യം നിലവിലില്ല. |
| സി) എങ്കിൽ കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ ; | സി) ബാധകമല്ല |
| ഡി) സർക്കാരിന്റെ നൂറിന കർമ്മപരിപാടിയിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | ഡി) ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ